I/5505287/2022

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. എസ് എസ് 1/65/2022- പൊ ഭ വ

പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 23-11-2022

<u>പരിപത്രം</u>

വിഷയം:- പൊ.ഭ.വ. -ആശംസാ കാർഡുകൾ സർക്കാർ ചിലവിൽ അച്ചടിക്കുന്നത് നിർത്തി വയ്ക്കുന്നത്- സംബന്ധിച്ച്

**********************

വിശേഷദിവസങ്ങളിൽ സർക്കാർ പ്രതിനിധികളും സ്ഥാപനങ്ങളും ആശംസാ കാർഡുകൾ അച്ചടിക്കുകയും അവ ഓഫീസ് സെക്ഷനുകൾ വഴി അയച്ചുനൽകുകയും ചെയ്യുന്ന നടപടി ഇപ്പോഴും തുടർന്ന് വരുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഖജനാവിൽ നിന്നുള്ള ശോഷണവും കടലാസ്സിൽ അച്ചടിക്കുന്നത് മൂലമുള്ള പരിസ്ഥിതി കോട്ടവും കണക്കിലെടുത്തും, വിവര-സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നിരവധി മാർഗങ്ങൾ ആശംസകൾ അറിയിക്കുവാൻ നിലവിലുള്ള ഈ കാലയളവിലും ഇത്തരത്തിൽ സർക്കാർ ചിലവിൽ ആശംസകൾ അച്ചടിച്ച് അയച്ചു നൽകുന്നതിന്റെ ആവശ്യകതയില്ല എന്നുള്ള വസ്തുത കണക്കിലെടുത്തും, സർക്കാർ ചിലവിൽ ഇനി ആശംസാകാർഡുകൾ അച്ചടിച്ച് നൽകേണ്ടതില്ല എന്നുള്ള നിർദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നു. കൂടാതെ **NIC** ഐ.ഡി ഉള്ളവർക്ക് ആശംസകൾ ***egreetings.gov.in*** എന്ന പോർട്ടൽ വഴി ആശംസാസന്ദേശങ്ങൾ കൈമാറാവുന്നതാണ്.

ഡോ. വി പി ജോയ്

ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Promod R**

**Date: 23-11-2022 17:11:14**

സെക്ഷൻ ഓഫീസർ.

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറിമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ പൊതുമേഖലാ / അർദ്ധസർക്കാർ /സ്വയംഭരണ സ്ഥാപന മേധാവികൾക്കും

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫിസർക്ക്